**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 912** **31-01-2024 - ൽ മറുപടിയ്ക്ക്**

**പിന്നാക്കക്ഷേമ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന പിന്നാക്ക ക്ഷേമ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾ ഓരോന്നും പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് എത്ര തുക വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ; | (ബി) | ടി പദ്ധതികൾ പ്രകാരം വിതരണം ചെയ്ത തുകയുടെയും ഗുണഭോക്താക്കളുടെയും വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | കോർപ്പറേഷന്റെ പരിധിയിലുള്ള ദുർബലവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കടാശ്വാസപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; റവന്യൂ റിക്കവറി നടപടികളിൽ കോർപ്പറേഷൻ എന്ത് നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ; മാനുഷിക പരിഗണന നൽകുന്നതിന് കോർപ്പറേഷൻ തയ്യാറാകുമോ? | (സി) | പിന്നാക്ക വിഭാഗ വികസന കോർപറേഷൻ കടാശ്വാസ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. 14 ജില്ലകളിലും അദാലത്ത് നടത്തി, വായ്പയെടുത്തവരിൽ മരണപ്പെട്ടവർ, ഗുരുതരമായ അസുഖം ബാധിച്ചവർ എന്നിവർ ഉൾപ്പെടെ 256 പേരുടെ 2,98,35,157 രൂപയുടെ വായ്പ നടപ്പ് വർഷത്തിൽ LDRF പദ്ധതി പ്രകാരം എഴുതിത്തള്ളി, റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്ത വായ്പകളിൽ ജാമ്യ വസ്തുക്കളിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ റവന്യൂ അധികാരികളിൽ നിക്ഷിപ്തമാണ്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നത് റവന്യൂ റിക്കവറി നിയമ പ്രകാരമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

1. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും പുതിയ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതി.
2. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒ.ബി.സി. വനിതകൾക്ക് പുതിയ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ന്യൂ സ്വർണിമ സ്വയം തൊഴിൽ പദ്ധതി.
3. പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയ പിന്നാക്ക ന്യൂനപക്ഷ സമുദായ ത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് പ്രവാസി സുരക്ഷ സ്വയം തൊഴിൽ വായ്പാ പദ്ധതി. നോർക്കയുടെ NDPREM പദ്ധതിയിലുൾപ്പെടുത്തി പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡിയായി (പരമാവധി 3 ലക്ഷം രൂപ) അനുവദിക്കുന്ന താണ് .
4. പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്കും ന്യൂനപക്ഷങ്ങൾക്കും ഇന്ത്യയിലും വിദേശത്തും ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി വിദ്യാഭ്യാസ വായ്പാ പദ്ധതി.
5. പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഒ.ബി.സി. പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ പദ്ധതി.
6. സമൂഹത്തിലെ ഏറ്റവും താഴ് ന്ന വരുമാനക്കാർക്ക് ചെറിയ വായ്പകൾ ലഭ്യമാക്കുന്നതിനായി സന്നദ്ധ സംഘടനകളും കുടുംബശ്രീ CDS കളും വഴി മൈക്രോ ഫിനാൻസ് പദ്ധതി നടപ്പിലാക്കുന്നു.
7. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും തങ്ങളുടെ ബഹുവിധ ആവശ്യങ്ങൾക്കായി സുവർണശ്രീ വായ്പാ പദ്ധതി.
8. താഴ് ന്ന വരുമാനക്കാരായ ഒ.ബി.സി./മതന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ത്തിന് ധനസഹായം നൽകുന്നതിനായി വിവാഹ ധനസഹായ വായ്പ.
9. നിലവിൽ സ്വയം തൊഴിൽ സംരംഭം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞവർക്ക് നിലവിലെ സംരംഭം വിപുലീകരിക്കുന്നതിന് Business Development വായ്പ.
10. കോർപ്പറേഷനിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്ത് സംരംഭം ആരംഭിച്ചവർക്ക് തിരിച്ചടവ് കാലാവധി കഴിഞ്ഞതിനു ശേഷം പ്രസ്തുത സംരംഭത്തിന് പ്രവർത്തന മൂലധന ആവശ്യാർഥം നൽകുന്നതിനായി പ്രവർത്തന മൂലധന വായ്പ.
11. സർക്കാർ/അർദ്ധ സർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി./ മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് വ്യക്തിഗത ആവശ്യങ്ങൾക്കായി വ്യക്തിഗത വായ്പാ പദ്ധതി.
12. സർക്കാർ/അർദ്ധ സർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ഗൃഹ പുനരുദ്ധാരണത്തിന് നൽകുന്ന സ്വസ്ഥഗൃഹ വായ്പാ പദ്ധതി.
13. സർക്കാർ/അർദ്ധ സർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ഒ.ബി.സി. / മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ടൂ വീലർ, ഫോർ വീലർ എന്നിവ വാങ്ങുന്നതിനുള്ള വാഹന വായ്പാ പദ്ധതി
14. ഭവന രഹിതരായ പിന്നാക്ക / മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമിക്കുന്നതിനുള്ള എന്റെ വീട് ഭവന നിർമാണ വായ്പാ പദ്ധതി.
15. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി വിദ്യാശ്രീ വായ്പാ പദ്ധതി.
16. പിന്നാക്ക വിഭാഗത്തിൽപ്പെട്ട വഴിയോര കച്ചവടക്കാർക്കായി ഉണർവ് വായ്പാ പദ്ധതി.

# അനുബന്ധം - 2

| വായ്പാ പദ്ധതി | ഗുണഭോക്താക്കൾ | വിതരണം ചെയ്ത തുക (കോടിയിൽ) |
|---|---|---|
| സ്വയം തൊഴിൽ വായ്പാ പദ്ധതി | 15940 | 402.93 |
| ന്യൂ സ്വർണ്ണിമ സ്വയം തൊഴിൽ പദ്ധതി | 128 | 2.07 |
| റീ ടേൺ സ്വയം തൊഴിൽ വായ്പാ പദ്ധതി | 249 | 14.52 |
| വിദ്യാഭ്യാസ വായ്പ | 496 | 32.48 |
| മൈക്രോ ഫിനാൻസ് | 116986 | 683.5 |
| സുവർണശ്രീ വായ്പ | 16733 | 437.41 |
| വിവാഹ ധനസഹായ വായ്പ | 4505 | 85.43 |
| ബിസിനസ് ഡെവലപ്മെന്റ് സ്കീം | 195 | 6.35 |
| പ്രവർത്തന മൂലധന വായ്പ | 896 | 21.88 |
| വ്യക്തിഗത വായ്പ | 4399 | 139.2 |
| സ്വസ്ഥഗൃഹ (ഗൃഹ പുനരുദ്ധാരണ വായ്പ) | 117 | 3.75 |
| വാഹന വായ്പ | 54 | 0.89 |
| എന്റെ വീട് വായ്പാ പദ്ധതി | 1569 | 93.89 |
| വിദ്യാശ്രീ | 1127 | 27.03 |
| ഉണർവ് വായ്പാ പദ്ധതി | 1 | 0.50 |